
POSSUMUS
little KITEs
CMS HSS ARAPPETTA




പൊസുമസ്സിൻ കവാടം തുറന്നുള്ളിൽ കടക്കവെ കണ്ടു ഞാൻ ഡിജിറ്റൽ ലോകത്തിൻ മഹാ പ്രഭാവം. കഥകളും കവിതയും വരകളുമായി സി.എം.എസ്സിൻ മക്കൾ തൻ കഴിവിൻ സ്ഫുരണങ്ങൾ തെളിയും താളുകൾ......... ആടിയും പാടിയും അറിവിൻ നേട്ടവുമായി ഒരു പിടി ചിത്രങ്ങളും. സി.എം.എസ്സിൻ ഇരുപത് ലിറ്റിൽകൈറ്റ്സ് പ്രതിഭകൾ തങ്ങൾ തൻ പണിപ്പുരയിൽ ഇവയോരോന്നും കരവിരുതിനാൽ മോടിയേകി, തങ്ങൾ നേടിയ അറിവും ചാലിച്ച് പി.ഡി.എഫിൻ താളുകളാക്കി.ഞങ്ങൾക്കും കഴിയും എന്നർത്ഥമുള്ള ലാറ്റിൻ ഭാഷയിൽ നിന്നുരുവായ **"പൊസ്സുമസ്"** നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു...........

# ആമുഖം

ജനങ്ങളുടെ ക്രിയാത്മകപങ്കാളിത്തത്തോടെ വളർന്നു വികസിച്ചതാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം.ജനതയെ എല്ലാവിധ അടിമത്തത്തിൽ നിന്നും മോചിപ്പിക്കാനുള്ള ഉപാധിയാണ് വിദ്യാഭ്യാസം എന്നു വിശേഷിപ്പിക്കാം.അധിനിവേശത്തെ ചെറുക്കാനും കടന്നു കയറ്റങ്ങളെ പ്രതിരോധിക്കാനും സമൂഹം കാലാകാലങ്ങളിൽ വിദ്യാഭ്യാസത്തെ ആയുധമാക്കി. ആഗോളവത്ക്കരണത്തിന്റെ ഈ കാലത്ത് വിദ്യാഭ്യാസം വലിയൊരു പ്രലോഭനവും വിപണിയുടെ ഉപകരണവുമായി മാറുന്ന ഘട്ടത്തിൽ വിവരസാങ്കേതികവിദ്യ വലിയ മുന്നേറ്റമാണ് ഈ മേഖലയിൽ നടത്തുന്നത് . വിവരസാങ്കേതികരംഗത്ത് വരുന്ന പരിവർത്തനങ്ങൾ അതത് സമയത്തുതന്നെ വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കേണ്ടതുണ്ട്. കുട്ടികളുടെ ജിജ്ഞാസയെയും അമൂർത്തചിന്തകളെയും വിശകലനശേഷിയെയും പ്രചോദിപ്പിക്കുന്ന വിധമാകണം ആധുനികസങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടത്. ഇതിനുതകുന്ന വിധമുള്ള മാറ്റത്തിന്റെ ഒരു തുടക്കമാണ് ഈ ഡിജിറ്റൽ മാഗസിൻ . "പൊസ്സുമസ്" അഥവാ We Can എന്ന ലാറ്റിൻവാക്യത്തിൽ ഉൾക്കൊണ്ടിട്ടുണ്ട് ഇതിന്റെ ഉൾഘടന.

നൂതന സാങ്കേതികവിദ്യയുടെ ലോകത്തിലേക്ക് വിദ്യാർത്ഥികളെ പിടിച്ചുയർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ സ്കൂൾതല പ്രവർത്തനങ്ങൾ കൂടുതൽ സർഗാത്മകവും അന്വേഷണാത്മകവുമാക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു......

നിജിൽ ഡിംലി.പി.

# ലിറ്റിൽ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്സ്

കുഞ്ഞുവിരൽ തുമ്പുകളെ കൈപ്പിടിയിലെ സ്നേഹച്ചൂടിൽ കുരുക്കി, വിദ്യാലയമുറ്റത്തെത്തിക്കുന്ന മാതാപിതാക്കളുടെ സ്വപ്നങ്ങൾ, അക്ഷര ച്ചൂട്ടും, ശിക്ഷണച്ചൂട്ടും പകർന്നൊരുക്കുന്ന ഗുരുവിന്റെ സ്വപ്നങ്ങൾ അനന്തവിഹായസ്സിലേക്ക് പറന്ന് ഉയരാൻ ഒരുങ്ങുന്ന ഞങ്ങളുടെ കുരുന്നു നക്ഷത്രങ്ങൾക്ക് നിറമേകാൻ,ബലമേകാൻ മൂവരും ചേർന്നു മുന്നോട്ട് വയ്ക്കുന്നു.ഈ ശുഭാപ്തി വിശ്വാസം "പൊസ്സുമസ്" ഒരു ചെറു തിരി കൊളുത്തുന്നു. ഈ പ്രാർത്ഥനയോടെ, "ഈ ലോകം ഇവർക്കു മുന്നിൽ  ചെറുതാകട്ടെ"............



നിനു തുഷാര



ഷൈനി ലാസർ

# ആശംസകൾ



അരപ്പറ്റ സി.എം.എസ്. ഹയർസെക്കണ്ടറി സ്കൂൾ ഇദം പ്രഥമമായി പൊസുമസ്സ് എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ വളരെ സന്തോഷിക്കുന്നു.വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഉള്ളിൽ ഉടലെടുത്ത ചിന്തകൾ അക്ഷരരൂപേണ പൊസ്സുമസ് എന്ന സൃഷ്ടിയായി പുറത്തിറങ്ങുന്നതിൽ എന്റെ ഹൃദയംഗമമായ വിജയാശംസകൾ നേരുന്നതോടൊപ്പം ഈ ഉദ്യമത്തിന് പ്രയത്നിച്ച ലിറ്റിൽകൈറ്റ്സ് അംഗങ്ങളെ അഭിനന്ദിക്കുന്നു. ഈ പ്രസീദ്ധീകരണം എല്ലാ വർഷവും വെളിച്ചം കാണാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ.

പ്രാർത്ഥനയോടെ,

ഡോ.റവ.ടി.ഐ.ജെയിംസ്

കോർപ്പറേറ്റ് മാനേജർ

# ആശംസകൾ



സി.എം.എസ് ഹൈസ്ക്കുൾ അരപ്പറ്റയിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ചിന്തകളെ അക്ഷര രൂപത്തിൽ ഒരു മാഗസിനായി പുറത്തിറങ്ങുന്നതിൽ എന്റെ വിജയാശംസകൾ നേരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

ആശംസകളോടെ ,

ശ്രീ.ഷാജി അരുൺ കുമാർ

(ഹെഡ്മാസ്റ്റർ)

സി.എം.എസ്.അരപ്പറ്റ.

# സി.എം.എസ്സിൻ സാരഥികൾ



**താളുകളിലൂടെ.............**

The Edu-soothing Decades.......9
Love.......12
പ്രണാമം.......15
ജീൻ എഡിറ്റിങ്ങിന്റെ കാണാപ്പുറങ്ങൾ.......16
അന്നത്തെ മഴ.......22
HEALTHY PROVERBS.......24
വിദ്യാഭ്യാസം.......26
मेरी पहली यात्रा.......27
പുതിയ ലേസർ വികസിപ്പിച്ചു.......29
സുന്ദര ലോകം.......31
TIME.......32
വിഷാദം.......വിഷാദരോഗമാകുമ്പോൾ.......36
അമ്മയാണ് സ്നേഹം ഹന പി - VII A.......38
ഗണിത ശ്ലോകം.......40
മരുഭൂമിയിലെ നീരുറവ.......42
പ്രളയ ദുരന്തം.......44
ചെറുതും വലുതുമായ ദുഃഖം.......45
*5 GOLDEN HEALTH TIPS.......46*
കാൽപ്പാടുകൾ.......47
പ്രളയ വർഷം.......53
ഗുരുനാഥൻ.......58
ഗണിത പഴഞ്ചൊല്ലുകൾ.......60
പൊസ്റ്റുമസിൻ സാരഥികൾ.......65

# The Edu-soothing Decades




സി.എം.എസ് ഹൈസ്കൂൾ അരപ്പറ്റയിലെ ആദ്യത്തെ ഹെഡ്മാസ്റ്ററായിരുന്ന തലശ്ശേരി സ്വദേശിയായ **ശ്രീ.ഗോവിന്ദൻ മാസ്റ്റർ.** 1983 മുതൽ 1993 വരെയായിരുന്ന സേവനകാലം. ആ കാലഘട്ടത്തിൽ വയനാട്ടിലെ ഏക M.Ed ബിരുദധാരിയും ഇംഗ്ളീഷ്,മലയാളം,ഹിന്ദി എന്നീ വിഷയങ്ങളിൽ MA ബിരുദവും ഹോമിയോപതിക് മെഡിസൻ വിദഗ്ദനും കൂടിയായിരുന്ന അദ്ദേഹം. പ്രഗത്ഭ ഭരണാധികാരി..വിദ്യാഭ്യാസ വിചക്ഷണൻ KSR,KER വിദഗ്ദൻ... സാമൂഹിക പ്രവർത്തകൻ എന്നീ നിലകളിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട് . അദ്ദേഹം നാട്ടുകാരുടെയും വിദ്യാർത്ഥികളുടെയും പ്രിയപ്പെട്ട **വൈദ്യർ മാഷ്** ആയിരുന്നു.





# പ്രവേശനോത്സവം






## 2018-'19






അഭിനന്ദനങ്ങൾ
ജോസ് സാർ
സംസ്ഥാന അദ്ധ്യാപക അവാർഡ് ലഭിച്ച

# Love



*Difference between immature love and mature love*

| Immature love | Mature love |
|---|---|
| 1.love is born at first sight and will conquer all | Love is a developing relationship and deepens with realistically shared experiences |
| 2.love demands exclusive attention and devotion and is jealous of out siders | Love is built upon self-acceptance and is shared unselfishly with others |
| 3.love is characterised by exploitation and direct need gratification | Love seeks to aid and strengthen the loved ones without striving for recompence |
| 4.love is built upon physical attraction [illegible]d sexual gratification sex often do[illegible] relation ship | Lo[illegible]e include [illegible]exual satisfaction but not to the exc[illegible] sharing in other areas of life |
| 5.love is static and ecocentric change is [illegible]ht in the partner in order to satisfy one's o[illegible]eds and desires | Lo[illegible] growing and developing reality . Love exp[illegible] to include the growth and creativity of the [illegible] ones |
| 6.love is romanticised , the couple d[illegible]ace the reality or is frightened by it | Lo[illegible]es reality and makes the partners mo[illegible]ete and adequate persons |

*JOSE KANDATHIL*
*COUNCELLOR & PSYCHOTHERAPIST*

# 900 കണ്ടി ഒരു കാടറിവ്



വയനാട്ടിൽ എത്തിച്ചേർന്ന് മാസങ്ങളായെങ്കിലും വയനാടൻ കാടിന്റെ മാസ്മരിക സൗന്ദര്യം ആസ്വദിക്കുക എന്നത് ഒരു നിറവേറ്റാത്ത മോഹമായി മനസ്സിൽ നിൽക്കുമ്പോഴാണ്അജിത്ത് മാഷ് 900 കണ്ടിയെക്കുറിച്ച് പറയുന്നത്. പശ്ചിമഘട്ടത്തിലെ ഏറ്റവും ഗാഭീര്യമേറിയ മലനിരകളിലൊന്നായ ചെമ്പ്രമലയുടെ താഴ്വാരത്ത് കാടിന്റെ സമസ്ത സൗന്ദര്യവും വഴിഞ്ഞൊഴുകി നിലകൊള്ളുന്ന സ്ഥലം എന്ന വിവരണം സാഹസിക പ്രിയരായ ഞങ്ങളെ അവിടേക്ക് ആകർഷിച്ചു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ . ഗാന്ധിജയന്തി ദിനം ഞങ്ങൾ ആ യാത്രക്ക് തെരഞ്ഞെടുത്തു.രാവിലെ കുടുംബവുമായി സ്കൂളിന് മുന്നിലെത്തിയപ്പോൾ ഫോർവീൽ ഡ്രൈവ് ജീപ്പിൽ ബാക്ക് പാക്കുമായി അജിത്ത് മാഷും ബബിത ടീച്ചറും കാത്തിരിപ്പുണ്ടായിരുന്നു.ഞങ്ങൾ യാത്ര തുടങ്ങി,വഴിയിൽ നിന്ന് ജോമോൻ സാറും റോഷനും കയറിയതോടെ സംഘം പൂർത്തിയായി. അത്യാവശ്യ ഭക്ഷണസാധനങ്ങൾ കയ്യിൽ കരുതി നേരെ വെച്ചു പിടിച്ചു. സൂചിപ്പാറവെള്ളച്ചാട്ടത്തിലേക്ക് ഉള്ള റോഡ്കഴിഞ്ഞ് ജീപ്പ് വലത്തോട്ട് തിരിഞ്ഞു,ഇതുവരെയുള്ള റോഡിന്റെ അവസ്ഥ മാറി. റോഡെന്ന് വിളിക്കാനാവാത്ത വഴിയിലൂടെ ഉരുളൻ കല്ലുകൾക്ക് മീതെ ഓഫ് റോഡിന്റെ സകല പ്രതാപത്തോടെ ഞങ്ങൾ കാടിനുള്ളിലേക്ക് ,ചുറ്റിലും കൂറ്റൻ

മരങ്ങൾക്ക് നടുവിൽ വെള്ളക്കെട്ടിനുനടുവിലെ പാലത്തിലൂടെ മുന്നോട്ട്. ഒടുവിൽ ഉരുൾപ്പൊട്ടലിൽ ഒലിച്ചുപ്പോയ പാറക്കെട്ടിന്റെ ഭീഷണിക്കു മുബിൽ ജീപ്പ് യാത്ര അവസാനിപ്പിച്ചു.തുടർന്ന് കാൽനടയായി,കാട്ടിനുള്ളിൽ ഒരരികിലൂടെ പതഞ്ഞൊഴുകുന്ന കാട്ടാറിന്റെ സൗന്ദര്യം ഞങ്ങളെ കൊതിപ്പിച്ചെങ്കിലും മുകളിൽ ഇതിലും നല്ല കാഴ്ച്ചയുണ്ടെന്ന് പറഞ്ഞ് ഡ്രൈവർ കം ഗൈഡ് ചേട്ടൻ ഞങ്ങളെ പ്രോൽസാഹിപ്പിച്ചു.വഴിയരികിലെ പുതിയ ജീവികൾ ഞങ്ങളുടെ കുട്ടികൾക്ക് പുതിയ അനുഭവം നല്കി.അവർ കൗതുകത്തോടെ അത് നിരീക്ഷിക്കുന്നുണ്ടായിരുന്നു. കാടിന്റെ സകല രൗദ്രഭാവങ്ങളും നിറഞ്ഞവഴിയിലൂടെ മുകളിലെ റിസോർട്ടിലേക്കുള്ള വഴിയിൽ അട്ടകളുടെ സംസ്ഥാന സമ്മേളനമാണെന്ന് തോന്നി,നിഷ്ക്കരുണം ആ കാപാലികർ ഞങ്ങളെ കടിച്ചു കീറി.കൂട്ടത്തിൽ അവർ പിച്ചി ചീന്തിയത് ജോമോൻ മാഷെയായിരുന്നു. ബബിത ടീച്ചറെ അവർ വെറുതെ വിട്ടതിന്റെ രഹസ്യം ആർക്കും മനസ്സിലായില്ല. രക്ത ശുദ്ധിയുള്ളവർക്കേ അട്ട കടി കൊള്ളാനുള്ള ഭാഗ്യമുള്ളൂ എന്ന റോഷൻസാറിന്റെ തിയറി ഞങ്ങളെ ആശ്വസിപ്പിച്ചു. ഒടുവിൽ ഞങ്ങൾ മലമുകളിലെ ഇല ബ്ളൂംസ് എന്ന ഇക്കോഫ്രെൻലി റിസോർട്ടിലെത്തി. യാത്രയുടെ ക്ഷീണം തീർക്കുന്നതിനിടയിലാണ് കോഴിക്കോട്ടുനിന്നെത്തിയ ചില ചങ്കുകൾ ഞങ്ങളെ മറ്റൊരു അത്ഭുതം കാണാൻ ക്ഷണിച്ചത്. അവരുടെ കൂടെ വീണ്ടും കാടിനുള്ളിലേക്ക്. പാറക്കെട്ടുകളും ചെറുകുറ്റികാടുകളും താണ്ടി എത്തിയത് ഒരു ചെറിയ വെള്ളച്ചാട്ടത്തിന്റെ കുളിരും മനോഹാരിതയിൽ . ആ ചോലയുടെ തണുപ്പിൽ ആവോളം കുളിച്ച് ക്ഷീണം തീർത്ത് റിസോർട്ടിൽ തിരിച്ചെത്തിയപ്പോൾ വിഭവസമൃദ്ധമായ ഭക്ഷണം റെഡിയായിരുന്നു . ഭക്ഷണം തയ്യാറാക്കിയ ചേട്ടന്റെ കൈപുണ്യം ആസ്വദിച്ച ശേഷം വീണ്ടും താഴേക്ക്, ചുറ്റുപാടുമുള്ള കാടിന്റെ ഭംഗി ആസ്വദിച്ച് താഴെ ഒഴുകുന്ന കാട്ടാറിൽ വീണ്ടും അൽപ്പ നേരം നീന്തിതുടിച്ച് ഒരു ചെറിയ ഫോട്ടോ സെക്ഷനുശേഷം വീണ്ടും യാത്രതുടർന്നു. ജീപ്പിൽ കയറി മടക്കയാത്രക്കിടയിൽ ഡ്രൈവർ ചേട്ടൻ ഞങ്ങളെ വീണ്ടും ഒരു വ്യൂ പോയിന്റ് കാണിച്ചു തന്നു.അവിടെ ഇറങ്ങി ചെമ്പ്താഴ്വാരത്തിന്റെ മനോഹാരിത ആവോളം കണ്ണിലും ക്യാമറയിലും പകർത്തി,മടക്കയാത്രയിൽ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരു മനോഹരയാത്രയ്ക്ക് അവസരം ഒരുക്കിയ അജിത്ത് മാഷിന് നന്ദി പറഞ്ഞു തീരുന്നുണ്ടായിരുന്നില്ല സംഘാംഗങ്ങൾ.........

നിജിൽ ഡിംലി.പി
(LPSA)



# പ്രണാമം



അമ്മതൻ കരവലയത്തിൽ നിന്നകന്ന്
വിദ്യാലയ തിരുമുറ്റത്തെത്തി ഞാനൊരുനാൾ
ആർത്തലച്ചു പെയ്തൊരാമഴയിൽ
എൻ രോദനം ഒരു തേങ്ങലായി
അണപൊട്ടിയൊഴുകിയ അരുവി പോലെ
ഉള്ളിലെ സങ്കടമെല്ലാം പെയ്തൊഴുക്കി
കഥകളും പാട്ടുമായി എന്നെ മയക്കി
നുകരാൻ മധുരം നൽകിയെന്നധ്യാപിക
അമ്മയോളം സ്നേഹവും കരുതലുമേകിയ
മാലാഖയാണ് എനിക്കെന്നധ്യാപിക
ജ്ഞാനത്തിൻ ആദ്യാക്ഷരം പകർന്ന
ഗുരുവെന്നുമെനിക്കു ദൈവതുല്യർ
ജ്ഞാനത്തിൻ പടവുകൾ കയറുവാൻ
കൈ പിടിച്ചെന്നെ ചേർത്തുനിർത്തി
വീഴാതെ മുന്നേറുവാൻ  തുണയേകിയ ഗുരുക്കളെ,
എന്നുമുണ്ടാവും എന്നുള്ളിൽ കൃതജ്ഞത
അക്ഷരച്ചെപ്പ് തുറന്ന് അറിവിൻ
വിസ്മയ ലോകത്ത് എത്തിയ ഞങ്ങളെ
അമ്മയെപ്പോലെ സ്നേഹമോടെന്നും തൊട്ടും തലോടിയും
കുറുമ്പുകൾ കാട്ടുമ്പോൾ ശാസിച്ചും   ശിക്ഷിച്ചും
എന്നുമെൻ മാർഗദീപമായഗുരുവേ
നിൻ    പാദം നമിക്കുന്നു....
പ്രശംസിപ്പാൻ മതിവരാ, മൊഴിയാൽ
ഉള്ളിലെന്നും   വന്ദിപ്പൂ...
പൂജ്യരാം ഗുരുശ്രേഷ്ഠരേ പ്രണാമം..............

ഷൈനി നിജിൽ
(എച്ച്.എസ്.എസ്.ഗണിതം)

# ജീൻ എഡിറ്റിങ്ങിന്റെ കാണാപ്പുറങ്ങൾ



മനുഷ്യ ശരീരത്തിൽ ഏതാണ്ട് നൂറു ലക്ഷം കോടി കോശങ്ങൾ ഉണ്ടെന്നാണ് കണക്ക്. നേരിട്ട് നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ കഴിയാത്തത്ര ചെറുതാണവ. അങ്ങനെയുള്ള കോശങ്ങളുടെ കേന്ദ്രത്തിലാണ് ജീവന്റെ തന്മാത്രയായ ജീനുകൾ ഉള്ളത്. ജീവൽപ്രവർത്തനങ്ങൾക്ക് ആവശ്യമായ രാസ നിർദ്ദേശങ്ങൾ അടങ്ങിയ ഡിഎൻഎ ശ്രേണി ഭാഗങ്ങളാണ് ജീനുകൾ. ഇപ്പോൾതന്നെ നമുക്ക് മനസ്സിലാക്കാം ജീനുകൾ എത്ര ചെറുതായിരിക്കും എന്ന്. അവയെ എഡിറ്റ് ചെയ്യുക എന്ന് പറഞ്ഞാൽ കുട്ടിക്കളിയല്ല എന്ന മനസിലായല്ലോ. ഒരു മനുഷ്യൻ ശരീരത്തിൽ ഓരോ കോശത്തിലും ഇരുപതിനായിരത്തോളം ജീനുകൾ നിലനിൽക്കുന്നു. കോശങ്ങളുടെ വളർച്ചയെയും പ്രവർത്തനത്തെയും നിയന്ത്രിക്കുന്നത് ജീനുകളാണ്. ഒരോ വ്യക്തിയുടെ ശരീരത്തിലും 23 ജോഡി ക്രോമസോമുകൾ ഉണ്ട്. ഒരോ വ്യക്തിയുടെയും ജീനുകളിൽ പകുതി പിതാവിൽനിന്നും പകുതി മാതാവിൽ നിന്നും ലഭിക്കുന്നു.

## MUTATION

ഒരു ജീവിയുടെ സാധാരണ അവസ്ഥയിൽ നിന്നുള്ള മാറ്റങ്ങളെയാണ് നാം മ്യൂട്ടേഷൻ അഥവാ ഉൽപരിവർത്തനം എന്ന് വിളിക്കുന്നത. ഒരു ജീനിൽ ഉണ്ടാകുന്ന മ്യൂട്ടേഷൻ ശരീരത്തിന്റെ പ്രവർത്തനത്തിനാവശ്യമായ പ്രോട്ടീനുകളുടെ പ്രവർത്തനത്തെ ക്രമവിരുദ്ധമാക്കുന്നു. ഇത് ജനിതക രോഗങ്ങൾക്ക് കാരണമാകുന്നു.

## രൂപവും ഭാവവും

ചുറ്റുഗോവണിയുടെ രൂപമാണ് ഡി എൻ എ യ്ക്ക് . ഇത് വാട്ട്സൺ ക്രീക്ക്മാതൃക എന്നും അറിയപ്പെടുന്നു. 1953-ലാണ് ഇത് കണ്ടുപിടിച്ചത്. 2006 ലാണ് മനുഷ്യ ഡിഎൻഎയുടെ സവിശേഷതകൾ പൂർണമായും ഗവേഷകർക്ക് തിരിച്ചറിയാനായത്. ജീനുകളിൽ അടങ്ങിയിരിക്കുന്ന ഡിഎൻഎ ഘടനയുടെ ഏതാണ്ട് ഒരു പൂർണ്ണരൂപം കണ്ടെത്തിയതിലൂടെ ഒരു വ്യക്തി ആരെന്നോ അയാളുടെ പ്രവർത്തനങ്ങൾ എന്തെന്നോ അറിയാതെ അയാളെക്കുറിച്ചുള്ള സർവ്വ വിവരങ്ങളും, ഭാവിയിൽ അയാൾക്ക് എന്തൊക്കെ അസുഖങ്ങൾ വരാനുള്ള സാധ്യതകൾ വരെ അയാളുടെ ജനിതകഘടന പഠിച്ച് പ്രഖ്യാപിക്കാൻ ആവും.

## എന്താണ് ജീൻ എഡിറ്റിങ്

ലോകത്ത് ഏറ്റവും ഊർജിതമായി ഗവേഷണം നടക്കുന്ന മേഖലയാണ് ജീൻ എഡിറ്റിങ്. കോടിക്കണക്കിന് ഡോളർ ഈ രംഗത്ത് മുതൽ മുടക്കുന്നു. എന്താണ് ഈ ആവേശത്തിന്റെ അടിസ്ഥാനം എന്ന് പരിശോധിക്കുമ്പോഴാണ്, നാലുവർഷം മുമ്പ് കണ്ടെത്തിയ ഒരു കണ്ടുപിടിത്തത്തിന്റെ പ്രാധാന്യം നാം തിരിച്ചറിയുന്നത്. ജീൻ എൻജിനീയറിങ്ങിന്റെ തലക്കുറി മാറ്റാൻ ശേഷിയുള്ള ആ വിദ്യയുടെ പേരാണ് CRISPR-CAS 9 Technology.

# CRISPR-CAS 9



പേര് വായിൽ കൊള്ളില്ലെങ്കിലും സംഗതി സിമ്പിളും പവർഫുള്ളും ആണ്. മനുഷ്യരുടേതടക്കം ഏത് ജീനോമിൽ നിന്നും നിശ്ചിത ഡിഎൻഎ ശ്രേണി ഭാഗങ്ങളെ അങ്ങേയറ്റം കൃത്യതയോടെ എഡിറ്റ് ചെയ്ത് നീക്കാനും, കൂട്ടിച്ചേർക്കാനും, തിരുത്തൽ വരുത്താനും ഈ വിദ്യ സഹായിക്കുന്നു. ഉദാഹരണത്തിന് നമ്മുടെ നിലക്കടലയുടെ കാര്യമെടുക്കാം. നിലക്കടല ചിലരിൽ അലർജിയുണ്ടാക്കുന്നു, അപ്പോൾ നാം CRISPR-CAS 9 technology ഉപയോഗിച്ച് അലർജിയുണ്ടാക്കുന്ന ജീനിനെ നീക്കംചെയ്ത് നിലക്കടല ഉൽപാദിപ്പിക്കുന്നു, അലർജിയെ പിന്നെ പേടിക്കേണ്ട. സംഗതി എത്ര സിമ്പിൾ അല്ലേ?

## ജീൻ എഡിറ്റിങ്ങിന്റെ നൈതികത

നിങ്ങൾ മേരി ഷെല്ലിയുടെ "FRANKENSTINE" എന്ന നോവൽ വായിച്ചിട്ടില്ലേ? മൃതശരീരങ്ങളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് നിർമ്മിച്ച ഭീകരരൂപിയായ സത്വത്തിന്റെ കഥ. ഇതിനോട് കിടനില്ക്കുന്ന ചില സംഭവങ്ങൾക്ക് ലോകം ഈയടുത്ത് സാക്ഷ്യം വഹിച്ചു .ഗർഭിണികളായ സ്ത്രീകളിൽ ജീൻ എഡിറ്റിങ് നടത്തിയ വാർത്ത ഈയിടെയാണ് പുറത്തുവന്നത്. ചൈനയിലെ ഷെൻചെൻ സതേൺ യൂണിവേഴ്സിറ്റിയിലെ ഗവേഷകനായ ഹി ജിയാൻകു ആണ് ഈ ഗവേഷണം നടത്തിയത്. ജീൻ എഡിറ്റിങ് നടത്തി ഇരട്ടക്കുട്ടികൾക്ക് ജന്മം നൽകി എന്ന് അദ്ദേഹം പ്രഖ്യാപിച്ചതോടെ ലോകം മുഴുവൻ അയാൾക്കെതിരെ തിരിഞ്ഞു. കാരണം മനുഷ്യൻ ഇന്നോളം പുലർത്തിയ എല്ലാ ധാർമികതയ്ക്കും നൈതികതയ്ക്കും വിരുദ്ധമായ നടപടി എന്നാണ് പറയപ്പെടുക. ഈ വിദ്യ തെറ്റായ കരങ്ങളിലേക്ക് എത്തിപ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ വളരെ വലുതാണ് ജീനുകളിൽ തങ്ങൾക്കാവശ്യമായ മാറ്റങ്ങൾ വരുത്തി ഡിസൈനർ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാം, ഉന്നത ഗുണങ്ങൾ മാത്രമുള്ള കുഞ്ഞുങ്ങൾ ഉത്പാദിപ്പിക്കപ്പെടാം. ഇതിന്റെയൊക്കെ വരും വരായ്കകളെ പറ്റി ചിന്തിക്കാൻ പോലും ലോകം ആകുന്നേയുള്ളൂ. കാരണം CRISPR-CAS 9 technology ഇപ്പോഴും അതിന്റെ ശൈശവ ഘട്ടത്തിലാണ് എന്നതു തന്നെ. ഏതായാലും പരീക്ഷണം നടത്തിയ ഷെൻചെൻ ഹാർമണി കെയർ മെഡിക്കൽ ഹോൾഡിങ്സിനോട് എല്ലാ പരീക്ഷണങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ ഗവൺമെൻറ് നിർദേശം നൽകിയിട്ടുണ്ട്. ഗവേഷകനായ ഹി ജിയാൻകു കർശന നിരീക്ഷണത്തിലാണ്. ശാസ്ത്രകല്പിത കഥകളെയും വെല്ലുന്ന തരത്തിലാണ് CRISPR ജീൻ എഡിറ്റിങ് ഗവേഷണങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നത്. മനുഷ്യ ഭ്രൂണങ്ങളിലെ CRISPR ജീൻ എഡിറ്റിങ് കടുത്ത എതിർപ്പ് നേരിടുന്നുണ്ടെങ്കിലും ജനിതക എഞ്ചിനീയറിങ്ങിലും ബയോമെഡിക്കൽ രംഗത്തും പ്രതീക്ഷ യുടെ പച്ചത്തുരുത്ത് തന്നെയാണ് CRISPR-CAS 9.

നിജിൽ ഡിംലി.പി.
(LPSA)




MELVIN K JOB,UPSA



ത്രോ ബോൾ ടീം


ഫുട്ബോൾ ചാമ്പ്യൻസ്




ഫുട്ബോൾ ടീം


Whats app group for 9th std parents
inagurated by HM
Add group description
Mute notifications
Custom notifications


Hi -tech
Class PTA


Education minister's interview -
CPTA - std 9



കഥ

# താൻ കുഴിച്ച കുഴിയിൽ

അനാമിക ജെ VI B

ഒരിടത്ത് ഒരു മനുഷ്യൻ അവരുടെ വീട്ടിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ എല്ലാം മറ്റൊരു ഗ്രാമത്തിൽ കൊണ്ട് പോയിട്ട് കത്തിക്കുമായിരുന്നു. അവരുടെ പരിസരത്തിൽ സംസ്കരിക്കാറില്ല.

ഒരു ദിവസം ആ ഗ്രാമത്തിലെ ഒരു കുട്ടി അയാളോട് ഈ ഗ്രാമത്തിൽ പ്ലാസ്റ്റിക്ക് കത്തിക്ക- രുതെന്ന് പറഞ്ഞു. പക്ഷേ അയാൾ ചെവികൊണ്ടില്ല. വീണ്ടും തുടർന്നു. ദിവസങ്ങൾ കടന്നു പോയി.



നിരന്തരമായി പ്ലാസ്റ്റിക്ക് പുക ശ്വസിച്ചത് കാരണം ഒരു ദിവസം ആ ഗ്രാമത്തിലെ ഒരാൾക്ക് അസുഖം ഉണ്ടായി. എന്നാലും പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് നിർബാധം തുടർന്നുവന്നു. ഒന്ന്-രണ്ട് ദിവസത്തിനകം രോഗബാധിതൻ മരിക്കുകയും ചെയ്തു.

എന്നാലും പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് നിർബാധം തുടർന്നുവന്നു. വിഷപ്പുക ശ്വസിച്ചുള്ള മരണ- ങ്ങളും തുടർന്നുവന്നു.

ഒരു ദിവസം ഒരു കുഞ്ഞു കുട്ടിക്കും രോഗം ബാധിച്ചു. ആ പിഞ്ചുകുഞ്ഞിന് എന്തറിയാം ? പാവം ആ കുഞ്ഞിന് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായി. അതിന്റെ പരിഭവം അതിന് പറയുവാൻ അറിയില്ലല്ലോ ? അത് എല്ലാം സഹിച്ചു. അസുഖം രൂക്ഷമായി. ഒരു ദിവസം കുഞ്ഞ് മരിക്കുകയും ചെയ്തു.



മുന്നറിയിപ്പ് നൽകിയ കുട്ടി പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്ന ആളെയും കൂട്ടി മരിച്ച കുഞ്ഞിന്റെ വീട്ടിലേയ്ക്ക് ചെന്നു. കുഞ്ഞിന്റെ അമ്മ അലമുറയിട്ട് കരയുന്നു. കുഞ്ഞിന്റെ അച്ഛൻ ആരോടും ഒന്നും മിണ്ടുന്നില്ല. കരഞ്ഞ് കരഞ്ഞ് കുഞ്ഞിന്റെ അമ്മയുടെ ബോധം ഇല്ലാതായി. ആ കാഴ്ച വളരെ ദയനീയമായിരുന്നു.

ഈ അവസ്ഥ നിങ്ങളുടെ കുട്ടിക്കാണ് സംഭവിച്ചിരുന്നെങ്കിലോ ? കുട്ടി അയാളോട് ചോദിച്ചു. അയാൾ ഒന്നും മിണ്ടിയില്ല. വിദൂരതയിലേയ്ക്ക് നോക്കി കുറേ നേരം നിന്നു. അയാൾ മനസ്സാ ദൃഢപ്രതിജ്ഞ എടുത്തു.

**" ഇനി ഞാൻ പ്ലാസ്റ്റിക്ക് ഉപേക്ഷിച്ച് പ്രകൃതിയ്ക്ക് ഇണങ്ങി ജീവിക്കും. പ്ലാസ്റ്റിക്ക് ഉപഭോഗത്തിനെതിരെ പ്രവർത്തിക്കും. "**

**പ്രിയ കൂട്ടുകാരേ ;**

**നമുക്കും അടുത്ത തലമുറയ്ക്കും വേണ്ടി അപകടകാരിയായ പ്ലാസ്റ്റിക്കിനെ ഉപേക്ഷിക്കാം. ഒറ്റക്കെട്ടായി പ്രപഞ്ചത്തെ രക്ഷിക്കാം.**

**യാത്ര** വയനാട് കാടിൻ ആസ്വാദനത്തിനായി
൯00 കണ്ടി കാണാൻ പുറപ്പെട്ടു
ഫോർ വീലർ ജീപ്പിൽ ഉള്ളൊരു യാത്ര
ആസ്വദിച്ച് അങ്ങനെ പോകവേ
പ്രളയത്തിൽ ബാക്കിപത്രമാം റോഡിൽ
ജീപ്പിൻ യാത്ര മുടങ്ങി..........
പിന്നെ നട വഴിയായി ഞങ്ങൾ
മുന്നേറി മുന്നേറി പോകവേ
കേട്ടറിവുള്ളോരട്ടകളെ കണ്ടു മതിവരുവോളം,
കയ്യിൽ കരുതിയ ഉപ്പിൻ വില
എത്ര വലുതാണെന്നറിഞ്ഞു നാം.
നടവഴികൾ കാലിനെ കുഴക്കുന്നുണ്ടെങ്കിലും
കണ്ണിനു കുളിരേകും കാഴ്ചകൾ നമ്മെ
മുന്നോട്ടു മുന്നോട്ടു മുന്നോട്ടു നയിച്ചു
കൊട്ടിയടച്ച പടികളിൽ ചാടിമറിഞ്ഞ്
നേർത്തൊരു ആശ്വാസമായി കണ്ടു ഞങ്ങൾ
ഇല ബ്ലൂംസ് എന്ന കാടിൻ താവളം...........
ഏവരും ദീർഘമായി നിശ്വസിച്ചെങ്കിലും
ക്ഷീണത്തിനപ്പുറമുള്ള കാടിൻ വിസ്മയം
കണ്ണുകൾ ഒപ്പിയെടുക്കവെ
ഊഞ്ഞാലാട്ടവും പാട്ടുമായി
അങ്ങോട്ടുമിങ്ങോട്ടും ഓടി നടന്നു
കണ്ടു ൯00 കണ്ടി എന്ന മഹാപ്രപഞ്ചം
ഇനിയുമുണ്ടേറെ കാണുവാൻ എങ്കിലും
തുടർന്നുള്ള യാത്രയിൽ ഭീകരത
പുറകോട്ടൊന്നു വലിച്ചെങ്കിലും
കോഴിക്കോടിൽ നിന്നെത്തിയ ഒരു കൂട്ടം
കൂട്ടുകാർക്കൊപ്പം ഞങ്ങളും നീങ്ങി
മതി മതി എന്നുള്ള മുറവിളികൾ
അങ്ങിങ്ങ് ഉയർന്നുവെങ്കിലും
കാണുവാനുള്ള ഒരു കാഴ്ചയിൻ വിവരണം
നമ്മെ നടക്കുവാൻ പ്രേരിതരാക്കി
അട്ടകൾ നമ്മെ നിഷ്ഠുരണം
ചോര എടുക്കുന്നുണ്ടെങ്കിലും
പാറക്കെട്ടുകൾക്കു മേലെ കണ്ടൊരാ വെള്ളച്ചാട്ടം
വഴുതിയും വീണുംഎത്തിയപ്പോൾനൽകിയ കുളിർ
വിവരണത്തിനുമപ്പുറം മനം നിറച്ചു.
ജീവിതത്തിൽ ഏറ്റവും സാഹസികമായയാത്ര
നടത്തിയതിൻ ഗർവ്വോടെ പടികളിറങ്ങി
പിന്നെയും രുചിച്ചു അരുവിതൻ കുളിരും
ചെമ്പ്രമലയിൻ ദൃശ്യ മനോഹാരിതയും
മതിവരാ മതിവരാ കാഴ്ച്ചകൾക്കൊടുവിൽ
മഴയും നമ്മെ തഴുകുവാൻ എത്തി
മനസു നിറഞ്ഞൊരായാത്ര
*മറക്കുവാനാകില്ലൊരിക്കലും........*

*( ഷൈനി നിജിൽ)*

# അന്നത്തെ മഴ

*വീണ്ടടഞ്ഞ സ്വപ്നങ്ങൾക്കു മേൽ കരിമ്പടം പുതച്ച പോലെ പുതഞ്ഞു കിടക്കുന്ന കറുത്ത ചെളി വകഞ്ഞു മാറ്റി ഭ്രാന്തമായ ആവേശത്തോടെ മകളുടെ പേര് വിളിക്കുമ്പോൾ ഞാനറിഞ്ഞില്ല അവൾ ദീർഘമായ ഉറക്കത്തിനായി ശാന്തമായൊരിടം കണ്ടെത്തിക്കഴിഞ്ഞിരുന്നുവെന്ന്. കഴുത്തറ്റം കറുത്ത ചെളിയിൽ ഒരു കളിമൺ പ്രതിമ പോലെ നിഷ്ചേഷ്ടനായി നിൽക്കുമ്പോൾ ,ഒരായിരം കരിവണ്ടുകൾ എന്റെ കാതുകൾ തുളച്ച് തലയോട്ടിക്കുള്ളിൽ കലമ്പൽകൂട്ടാൻ തുടങ്ങി. തലകീഴായി മറിഞ്ഞ ആകാശം.കരിമേഘങ്ങൾക്കിടയിൽ ഒരു മീനിനെപ്പോലെ മുങ്ങാംകുഴിയിട്ട് അഗാധതയിലേക്ക് .സപ്തവർണ്ണകല്ലുകൾ പാകിയ ഇടനാഴിയിലൂടെ പവിഴ കൊട്ടാരത്തിലേക്ക് ആവേശത്തോടെ നീന്തിച്ചെന്നപ്പോൾ രാജകുമാരിയായി എന്റെ പൊന്നോമന - ചുറ്റിലും അവളെ പോലെ തുടുതുടുത്ത ബാല്യങ്ങൾ. എങ്ങും കലപില ശബ്ദങ്ങൾ .സ്വർണ്ണവർണ്ണ ഞാത്തുകൾക്കിടയിലൂടെ തല കടത്തി ഉറക്കെ മകളുടെ പേര് വിളിച്ചെങ്കിലും എന്റെ ശബ്ദം എന്റെ തൊണ്ടയിൽ തന്നെ കുടുങ്ങി കിടക്കുന്നത് ഞാനറിഞ്ഞു. നൊമ്പരത്തിന്റെ നേർത്ത നാരുകൾ എന്റെ നെഞ്ചകത്തിൽ ഊടും പാവും പാകി വലകൾ തീർത്തു - അവൾക്കരികിലേക്ക് കടന്നു ചെല്ലാൻ കഴിയാതെ അദൃശ്യമായൊരു കരം എന്നെ താങ്ങിയത് ഞാനറിഞ്ഞു. കാരിരുമ്പിന്റെ കരുത്തുണ്ടായിരുന്ന യന്ത്രക്കൈകളിൽ തളർന്നു കിടക്കുമ്പോൾ അന്നത്തെ മഴ എന്നെ പൊതിയുകയായിരുന്നു. സാന്ത്വനത്തിന്റെ ആയിരം കൈകൾ കൊണ്ട്.*

*മിനി പി.*
**HSA (MAL)**



# Life

## a burningCandle



I spend my whole life for you
wiping darkness and spreading light everywhere,
My life is very short,but,
I spend it for good grace.

Yes,I am the burning candle,
Have you ever thought of me,
with my burning life, I
fight against darkness and keep guard for light.

Life is not to enjoy ourselves.
Enjoying ourselves never a good thing
keep a mind to cry with the crying
And care about others suffering.

Life is a precious gift of God
May be short,may be long.
But,like a burning candle,
spend it to give light to others.

Time is going fast away
We don't know when the end comes.
spend our life burning for others.
Like a burning candle,let's be a light to others.............

Mariyamma. K.J
U P S A

# HEALTHY PROVERBS




***FABIO JONA CHRISTY , IIA***

## ***SUCCESS***

*“ To succeed in life.....you need two things............................. ignorance and confidence . ”*

***MARK TWAIN***


ഭക്ഷ്യമേള -തക്കാരം


വിദ്യാരംഗം
തിരുവാതിര ഞാറ്റുവേല
പ്രദർശനം

# വിദ്യാഭ്യാസം


ഒരു കൊച്ചു ജീവനായി അമ്മതൻ
ഉദരസാഗരം തന്നിൽ വളർന്നനാൾ
ലാളനയല്ലാതെ മറ്റൊന്നും അറിയാതെ
സ്വർഗ്ഗമിതെന്നു നിനച്ചിരിക്കെ
പത്തു മാസത്തിലാരംഭം
സ്വയം ശ്വസിച്ച ഞാൻ പിറന്നദിനം
ആർത്തു കരഞ്ഞു പ്രാണനായ് പിടയുമ്പോൾ
തായ്കരം എന്നെ താങ്ങിനിർത്തി
മാറിലെ ഇറ്റു പാൽ നീരു തന്നു
ആ കരബന്ധം മുറുകെ പിടിച്ച ഞാൻ
അക്ഷരലോകത്തു പിച്ചവെക്കാൻ
നിറമുള്ള ചിറകുകൾ തുന്നിനൽകി
ഒന്നാം പാഠം ഹൃദ്യമാകെ തനിച്ച
നടക്കുവാൻ പ്രാപ്തയായി
പത്തു കൊല്ലം പുസ്തകതാളുകൾ
എന്നെ പഠിപ്പിച്ച അദ്ധ്യാപകർ
പലവ്യാഴവട്ടം കടന്നു പോയിഞാനറിയാതെ
എന്നെ ഞാനാക്കിമാറ്റിയ ബന്ധനങ്ങൾ
താളബോധം നൽകി കണ്ണു തെളിയിച്ച
അക്ഷരങ്ങൾ അറിവിന്റെ ചിറകുമായി
തനിയെ പറക്കുവാൻ ഭൂമിയും വാനവും
എനിക്കു സ്വന്തം

*ഉഷകുമാരി.കെ*

# मेरी पहली यात्रा

नृत्य के सिलसिले में मेरी पहली यात्रा चेन्नई पर था।मेरे मन में वह यात्रा इतना झलक रहा हैं इसलिए कि वह मेरी पहली सुदूर यात्रा थी।

रात को कण्णूर से हमने यात्रा शुरू की थी,खूबसूरत यात्रा के बारे मे सोच-सोचकर नींद नहीं आ रही थी।टिकट जाझ के बाद ऊपरी बेर्त(शय्या) पर लेटा।सुबह-सुबह उठकर फिर बाहर के दृश्य देखने लगे।केरल से अलग छोटे- छोटे गाँव देखने को मिले।गाँव में खूबरत  खेत दिखाई दिए और शानदार फसलों को भी दिखाई दिए।दोपहर तक हम चेन्नई पहूचे।चेन्नई सेनट्रर रेलवे स्टेशन इतना  बहुत बड़ा है कि आश्चर्य से मेरा मुँह खुल गयी थी।




उस दिन शाम को हम शोपिंग के लिए गए।चेन्नई शहर तो बहुत बड़ा है।इतने सारे बड़े-बड़े इमारतें देखने को मिले और चमेली को सिर में ओढकर सच में तमिल लडकी की तरह मैं शहर घूमे। रात को एक रेस्तोरेंट से बढिया खाना खाया था ।

अगले दिन नृत्य की प्रतियोगिता में भाग लेने के लिए हम गए । वहाँ तक  हम इलट्रिक ट्रेन में गए थे। उस दिन पहली बार मैं इलट्रिक ट्रेन में छड़े थे।टीचर ने बताया था कि यह रेलगाड़ी सिर्फ १ मिनट ही हरेक स्टेशन रुखता है। पहले डर लगा था, सच  कहूँ   बाद में बहुत अच्छा लगा।

स्टुड़ियो में नृत्य से संबंधित अनेक महत्व व्यक्तियों से परिचय पाने का अवसर मिला था।मुझे भी एक नृत्य पेश करने का अवसर मिले थे।नृत्य से संबंधित चर्चा में भाग लेने का अवसर मिले थे।

चेन्नई से वापस आते समय मझे बहुत दुख हुए कि मेरी पहली यात्रा के लिए सिर्फ तीन दिन  ही मिले थे।

*नीना हेप्सिबा देवदास*


കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി 2018 – 19
സ്കൂൾ പച്ചക്കറിതോട്ടം
സി.എം.എസ്.എച്ച്.എസ്.എസ്.അരപ്പറ്റ
മൂപ്പൈനാട് പഞ്ചായത്ത് കൃഷിഭവൻ
വിസ്തീർണ്ണം : 10 സെന്റ്


കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി 2018 – 19
സ്കൂൾ പച്ചക്കറിതോട്ടം
സി.എം.എസ്.എച്ച്.എസ്.എസ്.അരപ്പറ്റ
മൂപ്പൈനാട് പഞ്ചായത്ത് കൃഷിഭവൻ
വിസ്തീർണ്ണം : 10 സെന്റ്

# പുതിയ ലേസർ വികസിപ്പിച്ചു


ലോകത്തിലേറ്റവും കൃത്യതയുള്ള ലേസർ വികസിപ്പിച്ചു കൊണ്ട് ജർമ്മൻ ഗവേഷകസംഘം.ഈ പുതിയ ലേസറിന് 2 ദശലക്ഷം മൈലുകൾ അകലെ വരെ കൃത്യതയോടെ എത്താനാവുമെന്നാണ് ഗവേഷകർ അഭിപ്രായപ്പെടുന്നത്. തോമസ് ലെഗെരോ ആണ് ഗവേഷക സംഘത്തിന്റെ തലവൻ.

ആദ്യമായി ലേസറുകൾ(**LASER- Light Amplification by Stimulated Emission of Radiation)** വികസിപ്പിക്കുന്നത് **1960** ലാണ്. പലവിധ ശാസ്ത്രമേഖലകളിലും ലേസറുകൾ ഉപയോഗിച്ച് തുടങ്ങിയതോടെ കൂടുതൽ കൃത്യതയും മികവുമുള്ള ലേസറിന്റെ ആവശ്യകതയുണ്ടായി. ലൈൻവിഡ്ത് കുറഞ്ഞ ലേസറാണ് കൂടുതൽ കൃത്യതയുള്ളത് എന്നതുകൊണ്ട് അത് കുറച്ചുകൊണ്ടുവരിക എന്നതിനായിരുന്നു ഗവേഷകർ പ്രാധാന്യം നൽകിയിരുന്നത്.

ഇപ്പോൾ വികസിപ്പിച്ചിരിക്കുന്ന ലേസറിന് **10** മെഗാഹെർട്സ്**(10 megahertz)**മാത്രമാണ് ലൈൻവിഡ്ത്. മികവേറിയ അറ്റോമിക് ക്ലോക്കുകൾ ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, സ്പെക്ട്രോസ്കോപ്പി കൂടുതൽ കൃത്യതയുള്ള യന്ത്രഭാഗങ്ങൾ മുതലായ മേഖലകളിലൊക്കെ വികസനത്തിന് , വഴിയൊരുക്കുന്നതാണ് പുതിയ കണ്ടെത്തൽ എന്ന് ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

-ബബിത-

*(എച്ച്. എസ്. എ. ഫിസിക്സ്)*




* She sells seashells by the seashore.

* Red bulb blue bulb.

*Black background,brown background.

*A proper copper coffee pot.

*She sees chees.

*Which witch is which?


*I thought,I thought of thinking of thanking you.

**Fabio, IIA**

# സുന്ദര ലോകം

പറയാം ഞാനീ ലോകം
ഈ വരികളിലൂടെ പറയാം
സുന്ദരമായ പ്രഭാവത്തിൽ
പുഞ്ചിരിച്ച് വരും സൂര്യൻ
നേരം ഉച്ച സമയത്ത്
പ്രകാശത്താൽ നിറക്കും സൂര്യൻ
സൂര്യൻ നൽകും പ്രകാശത്താൽ
ചിരിച്ച് നിൽക്കും സൂര്യകാന്തികൾ
പ്രകൃതിയെ പാടെ മാറ്റും സൂര്യൻ
എന്നാൽ നേരം സന്ധ്യാസമയത്ത്
കോപിതനായി പോകും സൂര്യൻ
ആ നേരം ചിരിച്ച് കൊണ്ട് വരും ചന്ദ്രൻ
കൂട്ടത്തോടെ വരും നക്ഷത്രം
ആകാശം പാടെ നിറഞ്ഞ്
പറന്ന് കളിക്കും മിന്നാമിന്നി
അവന്റെ ചെറിയ വെളിച്ചത്തിലീ
ലോകം മുഴുവൻ പുഞ്ചിരിക്കും
മനസ് കൊണ്ടാസ്വദിച്ചാൽ
വളരെ സുന്ദരമാണീ ലോകം
കോപിതനായ് ആസ്വദിച്ചാൽ
കൂരിരുൾ പോലെ തോന്നും ലോകം
പ്രകാശം നിറഞ്ഞ ലോകം

റിസാന ഷെറിൻ
9B



# TIME

Time time it is going fast away,
time time it is not waiting for
a single moment
Time time it is not waiting for anyone,
Time time it is flying like anything,
Time time please do not go
wait for me for a single moment
Time is a precious thing,
utilize it very carefully.....
Time will not wait for anyone
Time is a great gift from God
Don't waste a single moment....

Mariamma.K.
***(U.P.S.A)***


സ്വാതന്ത്ര്യദിനം


Hi -tech class rooms
inaguration
CMS HSS അരപ്പറ്റ
ഹൈടെക് ക്ലാസ്സ് മുറികളുടെ
ഉദ്ഘാടനം
22.06.2018
നിർവ്വഹിക്കുന്നു


കലോത്സവം 2018-19
CMS HS


കലോത്സവം 2018-19


കലോത്സവം 2018-'19
CMS HSS


കലോത്സവം 2018-19


കലോത്സവം 2018-19
CMS HS
Arappetta


Sub -dist Kalotsavan

# വിഷാദം.......വിഷാദരോഗമാകുമ്പോൾ

ദു:ഖം എന്ന വികാരം സ്വാഭാവികമാണ്.എന്നാൽ അകാരണവും,അസ്വാഭാവികവുമായ ദുഃഖം വിഷാദരോഗമാണ്. ഒരു വ്യക്തിയെ തൊഴിലിൽ നിന്നും,സമൂഹത്തിൽ നിന്നും ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ അവസ്ഥയിലേക്ക് എത്തിക്കുന്നു. തീവ്രവിഷാദരോഗം യഥാർത്ഥ്യ ബോധത്തെ തന്നെ നശിപ്പിക്കുന്നു.നിങ്ങളുടെ ക്ലാസ്സിൽ ചിലരെങ്കിലും വിഷാദരോഗം ബാധിച്ചവരുണ്ടോ ???

*ഈ ലക്ഷണങ്ങൾ കാണിക്കുന്ന കുട്ടികളിൽ വിഷാദം ഒരു രോഗമായി മാറിയിട്ടുണ്ടാകാം*



.ഒന്നിനും താൽപ്പര്യമില്ലായ്മ

.ഉൻമേഷക്കുറവ്,ക്ഷീണം

.തനിച്ചിരിക്കൽ

.തീരുമാനം എടുക്കൽ,ചുമതല എടുക്കൽ എന്നിവയിൽ നിന്ന്, ഒഴിഞ്ഞുമാറൽ

.ഉറക്ക കുറവ്

.വൈകാരികമായി പ്രതികരണ കുറവ്

.ഒന്നിലും ശ്രദ്ധിക്കാൻ കഴിയുന്നില്ല

.ആത്മഹത്യ,പ്രവണത,ചിന്ത

.ഭക്ഷണശീലം- ഒന്നുകിൽ കുറവുകഴിക്കുക/കൂടുതൽ കഴിക്കുക

.അകാരണമായ-സ്ഥിരമായ ദുഃഖഭാവം

.പെട്ടെന്ന് കോപം വരൽ

.സാധാരണ കുട്ടിക്ക് ഇഷ്ടമുള്ള ടി.വി,സിനിമ,കളി എന്നിവയിൽ സന്തോശം കണ്ടെത്താൻ പറ്റാത്ത അവസ്ഥ

*നാം അദ്ധ്യാപകർക്ക് ചെയ്യാവുന്നത്*



.ഏറ്റവും ഇഷ്ടപ്പെട്ട,പാട്ട്,സിനിമ,ചിത്രംവര എന്നി അവസരങ്ങൾ നൽകുക

.കുട്ടിയെ തനിച്ചാക്കി പോകുന്ന സന്ദർഭങ്ങൾ ഒഴിവാക്കുക

.ഗ്രൂപ്പു പ്രവർത്തനത്തിൽ ബോധപൂർവം ഉൾപ്പെടുത്തുക

.ദിനചര്യ കൃത്യമാക്കാൻ സഹായിക്കുക.വീട്ടുകാരുടെ പൂർണ പിന്തുണ നേടണം

.മനസ്സിനെ പ്രശ്നങ്ങൾ തുറന്നു പറയാനോ,ഒരു കടലാസിൽ എഴുതാനോ പറയുക

.യാത്രയിൽ പങ്കെടുപ്പിക്കുക/പ്രോത്സാഹിപ്പിക്കുക,സന്തോഷം നൽകുന്ന സന്ദർഭങ്ങൾ നൽകുക

.തനിക്ക് ആരൊക്കെയോ ഉണ്ട് എന്ന തോന്നൽ ഉണ്ടാവുക

*വിഷാദ രോഗം പലതരം*

.തീവ്രമായ വിഷാദരോഗം

.തീവ്രമല്ലാത്ത വിഷാദരോഗം(സുഖകരമല്ലാത്ത ശാരീരിക മാന-സികാവസ്ഥ)

.ചില കാലാവസ്ഥക്കനുസരിച്ച് വിഷാദം

.ഹോർമോൺ വ്യത്യാസം കൊണ്ട് (പ്രസവം,ആർത്തവാരംഭം,ആർത്തവ വിരാമം)

.പതിവിൽ കവിഞ്ഞ് ഉറക്കം / വിശപ്പ് ഉണ്ടാക്കുന്ന വിഷാദം


ഈ കുട്ടികൾക്ക് ,വ്യക്തികൾക്ക് നിങ്ങളല്ലാതെ വേറെയാരുമില്ല , അവരെ ഒന്ന് തൊടുക ,സ്നേഹസ്പർശം നൽകാം, മനസ്സിൽ ഒരിടം കൊടുക്കാം......................................................

അങ്ങനെ അവരും ഈ ലോകത്തിൽ സന്തോഷിച്ച ജീവിക്കട്ടെ.

**ജോസ് കണ്ടത്തിൽ**

അധ്യാപകൻ,കൗൺസിലർ & സൈക്കോതെറാപിസ്റ്റ്


പുസ്തകങ്ങളെ കീഴടക്കൂ
ലോകം നിങ്ങളുടെ
കാൽച്ചുവട്ടിലാകും
വായനാദിനം


Hridin sathyarthi ,VI A

കവിത



# അമ്മയാണ് സ്നേഹം

ഹന പി - VII A



അമ്മ തന്ന സ്നേഹം
അത് എത്ര വലുത്
അമ്മ തന്ന വാത്സല്യം
അത് എത്ര വലുത്

അമ്മ തന്ന പുഞ്ചിരി
മറക്കില്ല ഒരിക്കലും
അമ്മ എന്ന സ്നേഹം
പിരിയില്ല ഒരിക്കലും


അമ്മ തന്ന വാക്കുകൾ
മറക്കുവാനാകില്ല
അമ്മ പകർന്ന ജീവിതം
സ്മരണയിലെന്നും



അമ്മ എൻ മനസ്സിൽ
ദൈവമായ് മാറിടും
സ്വർഗത്തോപ്പിലെ
മാലാഖയാണെൻ അമ്മ

നല്ല ജീവിതം എന്നിൽ തന്നിടും
നല്ല വാക്കുകൾ പറഞ്ഞുതന്നിടും
എൻ സ്നേഹമാം അമ്മ
അമ്മയാണെൻ ജീവിതം

മെൽവിൻ. കെ. ജോബ്(യു.പി.എസ്.എ)




# ഗണിത ശ്ലോകം

ഏകാദശ ശതസഹസ്ര
ലക്ഷപ്രയുത കോടയക്രമശഃ
അർബുദമബ്ജം ഖർവനിഖർവ
മഹാപത്മ ശങ്കു വസ്തസ്മാൻ
ജലധിശ്ചന്ത്യം മധ്യം പരാർധമിത-
ദശഗുണോതരഃ സംജ്ഞാഃ
സംഖ്യായാഃ സ്ഥാനാനാം
വ്യവഹാരാർത്ഥം കൃതാഃ പൂർവൈഃ

ഭസ്കരാചര്യരുടെ 'ലീലാവതി'-
യിൽ പതിനേഴ്സ്ഥാന വിലകൾ കൊടുത്തിരിക്കുന്ന-
ത് ഈ ശ്ലോകത്തിലാണ്

ജീനറ്റ് മെർലിൻ
എച്ച്.എസ്.എസ്.ഗണിതം

മെൽവിൻ. കെ. ജോബ്(യു.പി.എസ്.എ)





# മരുഭൂമിയിലെ നീരുറവ



വിണ്ടുണങ്ങി വരണ്ടൊരു ത്രുഷര
ഉവിയാക്കിയ മാനമേ
തപ്തമാം മണൽ കാറ്റുവീശി
ഞാൻ നീറി നീറി തപിക്കവേ

തിങ്ങിവിങ്ങിട്ടും നൊമ്പരക്കനൽ
ഊതിയൂതി കെടുത്തുവാൻ
ഓടി വന്നൊരു സ്വാന്തന കാറ്റിൽ
അശ്ലേഷിച്ചു മയങ്ങിടാൻ

ഉണ്മായൊരു സത്യം എന്നത്
ഇപ്രകൃതി വിചിന്തനം
തൻ മനോ മുകുരത്തിലെന്നത്
ശാശ്വതമെന്ന് സത്യവും

കാണ്മ തിന്നതു തേടാമെന്നും
തേടിയാൽ അത് കാണ്മതും
ജീവിതത്തിന്റെ ശീതളഛായ
ഹ്യത്തടത്തിൽ നീയെക്കൻ

നീറിനിന്നൊരു ചെങ്കനൽ കെടാൻ
ആർത്തലച്ചു കരഞ്ഞു ഞാൻ
തപ്ത ബാഷ്പത്താൽ കാൽ കഴുകവേ
ഹ്യത്തിൽ നിന്നും ഉറവ പോൽ

എൻ മനസ്സിലേക്കുറി വന്നൊരു
നിർമ്മലമൊരു ചോലപോൽ
വന്നു നീ ഒരു സ്വന്തന കാറ്റായി
സുന്തരമാം സുങ്കന്തമായി

Sister ആൻസ് മരിയ


പ്രളയ ദുരിതത്തിൽ
ഒരു കൈത്താങ്ങ് ....

# പ്രളയ ദുരന്തം

2018-ലെ ജൂലൈ,ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഉണ്ടായിരുന്ന കനത്ത മഴ കാരണം നശിച്ച കുടുംബമുണ്ട്. പല ജീവനും നഷ്ടപ്പെട്ടിരിക്കുന്നു അങ്ങനെ നശിച്ച പല കാര്യങ്ങളും ഉണ്ടായി. പ്രകൃതി തരുന്ന ഓരോ കാര്യങ്ങളും നമ്മൾ വരദാനമായിട്ടേ കണ്ടിട്ടുള്ളൂ. പക്ഷേ ഇത് അങ്ങനെ കാണാൻ പറ്റാത്ത ഒന്നായി മാറി. എത്രയോ വർഷങ്ങൾക്ക് ശേഷമാണ് ഇങ്ങനെ ഒരു ദുരന്തം വന്നത്. മനുഷ്യരും മൃഗങ്ങളും എല്ലാം മരിച്ചു കഴിഞ്ഞു. പലരുടേയും വീടും കൃഷിയുമെല്ലാം നശിച്ചു പോയി. ഓരോ മനുഷ്യരുടേയും മനസ്സിൽ ഇത് മറക്കുവാൻ കഴിയാത്ത ഓർമകളായി മാറി. പല നാടിനേയും കൊന്നൊടുക്കിയ ഒരു ദുരന്തം എല്ലാവരുടേയും മനസ്സിൽ മറക്കാനാത്ത ഒരു പേടി സ്വപ്നമായിരിക്കുന്നു. എത്രയോ പേർ ദിവസങ്ങളോളം ശുദ്ധജലവും ഭക്ഷണവും കിട്ടാതെ ജീവിച്ചു. ഓരോരുത്തരുടേയും കണ്ണീർ പുഴയായിരുന്നു നമ്മുടെ നാട്. ഈ നാട് തിരികെ കൊണ്ടുവരാൻ കഴിയാത്ത വിധം നശിച്ചിരുന്നു. ശേഷം നല്ല രീതിയിൽ ജീവിക്കാൻ കഷ്ടപ്പെടുന്ന പലരും ഉണ്ട് അവർക്കെല്ലാം ഒരു താങ്ങും തണലുമായി ഒരാൾ പോലും ഉണ്ടാകില്ല. ഇനി ഓരോ മഴക്കാലവും വരുമ്പോൾ ഒരു മറക്കാത്ത സ്വപ്നമായി ഇതെല്ലാം അവരുടെ മനസ്സിൽ ഉണ്ടാകും. നാലഞ്ച് വർഷങ്ങളായി മഴകിട്ടാത്തവരിൽ പലരും ഈ പ്രളയത്തിൽ പെട്ടിരിക്കുന്നു ഒരിക്കലും വരാൻ പാടില്ലാത്ത ഒരു ദുരന്തമായിരുന്നു. ഇപ്പോൾ കഴിഞ്ഞത് ഈ കേരളത്തെ മുഴുവനായും കൊണ്ടുപോകാൻ വന്ന പ്രളയം പല പല സ്ഥലങ്ങളിലായി എത്തിയിരുന്നു. പ്രകൃതിയെ നശിപ്പിക്കുന്ന നമ്മുക്ക് പ്രകൃതി തന്നെ തന്ന ഒരു കഷ്ടപ്പായിരുന്നു. നമ്മുടെ പ്രകൃതിയെ നശിപ്പിച്ചു കഴിഞ്ഞാൽ അത് നമ്മേയും കഷ്ടപ്പെടുത്തും. ഇനിയും ഇങ്ങനെ ഒരു ദുരന്തം വരാതെയിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ നമ്മുക്ക് സംരക്ഷിക്കാം.

ദേവപ്രിയ.റ്റി.എസ്

# ചെറുതും വലുതുമായ ദുഃഖം

ചെറുപ്രായത്തിൽ തന്നെ വളർച്ചയില്ലാത്തതിനാൽ അവന് വളരെയധികം സങ്കടമാണ്.അവന് ഒരു ചേച്ചിയുമുണ്ടായിരുന്നു. അവൻ ചേച്ചിയുടെ കൂടെയാണ് സ്കൂളിൽ പോകാറുള്ളത്. അങ്ങനെ ഒരു ദിവസം സ്കൂളിൽ പോകുമ്പോൾ ചേച്ചിയുടെ കൂട്ടുകാരികൾ ഉണ്ടായിരുന്നു.അപ്പോൾ ചേച്ചിക്ക് അവന്റെ കൂടെ നടക്കാൻ വല്ലാത്ത മടി തോന്നി.അപ്പോൾ ചേച്ചി അവനോട് നീ മുമ്പിൽ നടക്ക്, എന്റെ കൂടെ വരണ്ട എന്നു പറഞ്ഞു. അവൻ ചെറുതായതിനാൽ ചേച്ചിക്ക് അവന്റെ കൂടെ നടക്കാൻ മടിയായതും പിന്നെ കൂട്ടുകാരികൾ അവനെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു.അവനെ ആരും കൂടെ നടത്താറില്ല. കാരണം അവൻ ചെറുതായതിനാലാണ് അവനെ കൂടെ നടത്താതത്.സ്കൂളിൽ എന്തെങ്കിലും പരിപാടികൾ ഉണ്ടെങ്കിൽ ഡാൻസിന് നിന്നാൽ പറയും നീ വലുപ്പം ഇല്ല അതുകൊണ്ട് നിന്നെ പറ്റില്ല എന്ന് പറയും.അങ്ങനെ ഒരു ദിവസം അവന് ഒരു കഴിവ് ഉണ്ടായിരുന്നു.അത് ആരെ കൊണ്ടും കണ്ടു പിടിക്കാൻ കഴിഞ്ഞില്ല.ആ കഴിവ് അവന്റെ ക്ലസിൽ പഠിക്കുന്ന ഒരു കുട്ടിയുടെ അച്ഛനാണ് കണ്ടുപിടിച്ചത്. അവന്റെ പരീക്ഷ പേപ്പർ എടുത്ത്കൊണ്ട് വരാൻ പറഞ്ഞപ്പോൾ അവന്റെപേപ്പറിൽ പാട്ടുകൾ എഴുതിവച്ചിരിക്കുന്നു.ആ ചേട്ടൻ പറഞ്ഞു ഇനി ഇങ്ങനെയെന്തെങ്കിലും എഴുതിവച്ചിട്ടുണ്ടോ എന്ന് ചോദിച്ചപ്പോൾ അവൻ കുറയെ പേപ്പർ എടുത്തുകൊണ്ടു വന്നു. ആ പാട്ടുകളെല്ലാം ചേർത്ത് ഒരു നല്ല പുസ്തകം ഉണ്ടാക്കി അതിന്റെ ഉൽഘാടനത്തിന് അവന്റെ ചേച്ചിയും അമ്മയും വന്നിരുന്നു. ചേച്ചിക്ക് അവന്റെ വില അപ്പോഴാണ് മനസിലായത്.അപ്പോൾ ചേച്ചി ആലോചിച്ചു എന്റെ കൂടെ അവൻവരുമ്പോൾ അവനോട് മാറിനിൽക്കാനല്ലെ പറയുഞ്ഞിരുന്നത്,ഇപ്പോൾ അവന്റെ കഴിവ് ഒരു ചേട്ടനല്ലെ മനസിലായത്.അങ്ങനെ ഒരു ദിവസം ചേച്ചിയുടെ കൂടെ അവൻ പോയി അപ്പോൾ ചേച്ചിയുടെ കൂട്ടുകാരികൾ ചിരിക്കുകയല്ല ചെയ്തത് അഭിനന്ദിക്കുകയാണ് ചെയ്തത്. ഇപ്പോൾ നമ്മൾ ഒരാളുടെ കഴിവ് മനസ്സിലാക്കുന്നത് ഒരാളുടെ വലുപ്പവും രൂപവും കണ്ടിട്ടല്ല അയാളുടെ കഴിവ് കണ്ടിട്ടാണ്.

# 5 GOLDEN HEALTH TIPS



1 Apple /Day =No Doctor



1 Tulsi leaf /Day = No Cancer



1 Lemon /Day = No Fat

1Cupmilk /Day = No Bone Problem





3 Lts water /Day =No Diseases

*FABIO JONA CHRISTY , IIA*

# കാൽപ്പാടുകൾ



ഞാൻ നടക്കുന്ന ഓരോ വഴിത്താരയിലും
നിൻ അംശങ്ങൾ പൂത്തിടുന്നു
ഓരോ മണൽത്തരിയിലും എൻ നിഴലിന്റെ
അംശമായി കാൽപ്പാടുകൾ

ഞാൻ നടന്ന വഴികൾത്തോറും
എന്റെ കൂടെ നടന്നിടുന്നു
തിരിച്ച നടക്കുത്തോറും വഴിതെറ്റാതെയുള്ള
പാടുകളായി ഇന്ന് ജീവിതമവസാനം വരെ

ഓരോ കാൽപ്പാടുകളും നിൻ
പ്രശസ്തിയിലേക്കുള്ള കാൽപ്പാടുകളാം
ഇന്ന്,കാൽപ്പാടുകൾ മായുന്നില്ല
ജീവിതത്തിൻ അന്ത്യം വരെ

ജീവിതത്തിന്റെ കാൽവെപ്പുകൾ
നാശത്തിലൊക്കെ നൻമയിലേക്കൊക്കെ വഴി മാറാം.
ജനനത്തിലെ ഓരോ കാൽ വെപ്പും
അച്ഛനമ്മമാർക്ക് പ്രിയം തൂകും

അച്ഛന്റെ കൈ പിടിച്ച്
സ്ക്കൂൾ വരാന്തയിലേക്കുള്ള
ഓരോ കാൽവെപ്പുകൾ
മേൻമകളിലേക്ക് മാത്രമായിരിക്കും



ഷിബിൻ.വി
**9B**

## *നവ കേരളം*



ഇതാ കാണു,നവ കേരളം
പുത്തൻ ഉണർവ് തേടി വീണ്ടും
എല്ലാ മഹാമാരിയിൽ നിന്നും അതിജീവിച്ച്
വീണ്ടും ദൈവത്തിന്റെ സ്വന്തം നാട്
ഉണർന്നെഴുന്നേറ്റു ഉണർന്നെഴുന്നേറ്റു
എല്ലാം നശിച്ച് നടക്കാവുന്നത് ഏറ്റവും
വല്യതും വിനാശകാരിയുമായി ആ പ്രളയം
ഇതാ കാണു നിങ്ങൾ,
ദരിദ്രനിൻ ദരിദ്രനായിരുന്നവനും,
സമ്പന്നരിൽ സമ്പന്നരായിരുന്നവർക്കും,
ദൈവം നൽകി തുല്ല്യസ്ഥാനം
വാസ്തവത്തിൽ മനുഷ്യന്റെ അഹങ്കാര-
ത്തിനുള്ള ശിക്ഷ തന്നെ   എന്ന് പറയും
വരുവിൻ എല്ലാവരും കൈകോർക്കാം
നമുക്ക് വാർത്തെടുക്കാം ഈ കേരളത്തെ
വീണ്ടും ഈ ദൈവത്തിന്റെ നാട് വരട്ടെ
എല്ലാത്തിനുപരിയായി നന്മയും, സ്നേഹവും
വാർത്തെടുക്കുവിൻ വീണ്ടും
അറിയപ്പെടട്ടെ ഈ നാട്
ദൈവത്തിന്റെ സ്വന്തം നാട്


ഹെലൻ വിൻസെന്റ്



***9B***


micah janet ,IIA




ഗാന്ധിജയന്തി

***SPICMACAY Performance***






ശാസ്ത്രോത്സവം 2018-19
സ്കൂൾ ശാസ്ത്രോത്സവം
2018-19
ശാസ്ത്രോത്സവം 2018-19
ശാസ്ത്രോത്സവം 2018-19
ശാസ്ത്രോത്സവം 2018-19
S H SCHOOL ARAP

## മായാത്ത പുഞ്ചിരി

ആദ്യ ചുവടുവെപ്പിൻ
സ്വർഗ്ഗ പൂങ്കാവനം
കണ്ണീർ മുത്തുകളും
നിലാ  പുഞ്ചിരിയും
സൂര്യകാന്തി ശോഭയാൽ
പച്ചപ്പിൻ പട്ടും
മഞ്ഞിൻ പുതപ്പും
ചാർത്തിയെൻ സ്വർഗ്ഗം
പൊട്ടിചിതറുന്ന മഞ്ഞുപോലല്ലോ
കത്തിജ്വലിക്കുന്ന സൂര്യനോളം
പെട്ടെന്നു തുളുമ്പിയ തുള്ളിപോൽ
എങ്ങോട്ടെന്നില്ലാതെ വിതുമ്പിപോയി
ദൈവത്തിൻ കോപത്താൽ
വന്നൊരു തുള്ളികൾ
കണ്ണീർ നിറയും തുള്ളികൾ പോലെ
എൻ മാളികയും തകർത്തുപ്പോയി
കണ്ണിൽ നിറയും തുള്ളികൾ പോലെ
മാളികാഗോപുരം താഴ്ന്നുപോയി
വിതുമ്പലായ് നോക്കിയ
കൺകൾ വിതുമ്പലോടെ കണ്ടുനിന്നു
ഒഴുകുന്ന മുത്തുകളെൻ
സ്വർഗത്തേയും കൊണ്ടു യാത്രയായി
എങ്കിലും എൻ വീടിൻ മുഖചിത്രം
മായാതെ ഓർമ്മയിൽ തങ്ങിനിൽപ്പൂ
പ്രത്യാശ തൻ ഗോപുരങ്ങൾ തീർത്തവർ
മീനവർ എൻ സോദരർ
കരേറുവാൻ ചവിട്ടടിയായ് കുനിഞ്ഞിട്ടുമ്പോൾ
മുന്നേറ്റവാൻ തുനിയുന്നു വീണ്ടു-
മൊരു പരശുരാമനായി.

നിഹല ഫാത്തിമ കെ.ടി.
8 B

കവിത

# പ്രളയ വർഷം

എൻ ഭൂമിയിലേക്കു നറുമുത്തുകൾ.....
നീ വാരിവിതറിയ മുത്തുകൾപൊട്ടിത്തെറിച്ചു
ഒരു പാട് ജീവൻ ആ മഴയിൽ ഒഴുകി
ആ ഒരോ തുള്ളിയിലുമായിരക്കണക്കിന് ജീവനുകൾ
ഉറ്റവരെ കാണാതെ ഒരുപാടു ജീവനുകൾ ............

ജാതി,മത,ഭേധമന്യേ അവർ രക്ഷാ-
പ്രവർത്തനങ്ങൾ നടത്തി അവിടെ
പാവപ്പെട്ടവരോ,പണക്കാരോ എന്ന
വ്യത്യാസമില്ലാതെ അവർ ഒരു കുടക്കീഴിൽ വസിച്ചു.........

തന്റെ സ്വപ്നമെല്ലാം ഒരു മഴയിൽ തീർന്നു
ഒരു മഴയിൽ കേരളം ഒറ്റപ്പെട്ടു എല്ലാം തകർന്നു,
എല്ലാ സ്വപ്നങ്ങളും കണ്ണടഞ്ഞു,
ഉറ്റവരെ കാണാതെ കരയുന്ന മുഖം
നമ്മുടെ മനസ്സിൽ നിന്ന് മായുകയില്ല എത്രനാൾ കഴിഞ്ഞാലും ......

ഒരു നേരത്തെ ആഹാരമില്ലാതെ വലയുന്നവർ
ഉറ്റവരെ കാണാതെ കരയുന്നവർ
എല്ലാം മഴയിൽ അവസാനിച്ചു
എന്നു കരുതുന്നവർ...............

മത്സ്യത്തൊഴിലാളികൾ ഒന്നിച്ച്........
പല ഭാഗങ്ങളിൽ രക്ഷാപ്രവർത്തനം നടത്തി....
ഒന്നും അറിയാതെ പിഞ്ചോമനകൾ
ദുരിത കാലത്ത് പിറന്നു വീണവർ......

മഴക്കാലത്ത് പുഴയും,നദിയും,
തോടും,ചാലും അരുവിയും
നിറഞ്ഞൊഴുകി  സന്തോഷത്തോടെ,
കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ കണ്ടപ്പോൾ
കരഞ്ഞൊഴുകി എല്ലാം മെല്ലാം...................

പിന്നെയങ്ങോട്ട് സഹായപ്രവാഹമായി......
ഒരുപാട് സഹായവുമായി ഒരു പാടുപേർ......
രക്ഷാപ്രവർത്തനവുമായി ഒരു പാടുപേർ
എല്ലാവരും ഒറ്റക്കെട്ടായി കൈക്കോർത്ത്
നമ്മുടെ കേരളത്തെ കരകയറ്റി...........

പതിനാലു ജില്ലയിലും.....
ഒന്നിച്ച് ദുരിതമായിരുന്നു......
ഒരു ജില്ലയേയും പ്രളയം മറന്നില്ല
എല്ലാ ജില്ലക്കാരും ഒന്നിച്ച് കൈകോർത്തു
തടഞ്ഞു പ്രളയത്തെ.............

എല്ലാം മറന്നു തുടങ്ങുന്നു കേരളം
അത്ര പെട്ടന്ന് മറക്കാൻ കഴിയില്ല
ആ മഹാദുരന്ത മുഖം,ആ കണ്ണീരുകൾ
അങ്ങനെ നാടുകാണാത്ത ഒരു ദുരിതമായി മാറി
ആ മഹാ പ്രളയം......പ്രളയ വർഷം....................

# പുൽ നാമ്പിടുന്ന കേരളം

അതിജീവനത്തിനായി നാം

ഒന്നിച്ചുപൊരുതാം

ഒരു പുതു കേരളത്തിനായി
നാം ഓരോരുത്തരുടെയും തോളിലേറി
പുതു കേരളം വാനിലുയരട്ടെ
നമ്മുടെ കൺമുന്നിലായി വീണുടഞ്ഞ
കേളത്തിനായി ഒരു സ്നേഹസ്പർശ-
മായി നമുക്ക് വളരാം .....
കൊള്ളയും കള്ളവുമില്ലാത്ത പുതുകേരളം,
ഓരോ പുൽനാമ്പും തഴച്ചുവളരട്ടെ
ഇന്നെൻ നാട്ടിൽ ,
ജാതിമത ഭേദമില്ലാതെ വളരട്ടെ.
ഉയരും ഇന്നെൻ പുതുകേരളം
ഉണരും ഒരു പുതുണർവിലേക്ക്
ഒത്തൊരുമിക്കാം അണിചേരാം
മുന്നേറാം മുന്നേറാം .....

ഷിബിൻ. വി
9B





ആഗ്നലോ ജോയൽ

# لعب الحروف

فاء فاء                    فاء فيل
فيل فيل                    فيل اسود          عين عين عين عراب
عراب عراب عراب اسود
حاءحاء                    حاء حكك
حكك حكك                    حكك ابيض
لون ابيض لون اسود
اخضر اصفر لون اخرى

**Mufeedha**

## اين السمك


اين السمك        اين السمك
اين السمك        يا اخوان
في الماء   في الماء
سمك سمك في الماء
يسبح سمك     يسبح سمك

سبح يسبح مسرعة

**Fidha Fathima**



# ഗുരുനാഥൻ



- നല്ല ഗുരുനാഥന് ഏറ്റവും കൂടുതൽ ആവശ്യമുള്ളത് ക്ഷമയാണ് -ഭൂമിക്കുള്ളത്ര ഉണ്ടായാലും തികയില്ല .എത്ര അധ്വാനിച്ചിട്ടും ഒരുശിഷ്യന് ഒരു കാര്യം മനസിലാകാത്തതിന് അക്ഷമ തോന്നുമ്പോഴൊക്കെ ഓർത്തുകൊള്ളുക ,എത്ര കാര്യങ്ങൾ ഗ്രഹിക്കാൻ അവനവൻ എത്ര കഷ്ടപ്പെട്ടെന്നും എന്നിട്ടും എത്രയേറെ സംഗതികൾ എത്രത്തോളം തെറ്റായി ഉൾക്കൊള്ളാൻ ഇടയാക്കി എന്നും
- ഒരാൾക്ക് ഒരു വിഷയത്തിലുള്ള അഭിരുചി മറ്റൊരു വിഷയത്തിൽ ഉണ്ടായി കൊള്ളണമെന്നില്ല .അതിനാൽ ശിഷ്യരെ താരതമ്യം ചെയ്യരുത് .നാഴിയിൽ നാനാഴി കൊള്ളാത്തത് നാഴിയുടെ കുഴപ്പമല്ലല്ലോ ! നാനാഴിയല്ല നാല് ആഴിയും കൊള്ളുന്നവരായി കൂട്ടത്തിൽ ആരെങ്കിലും ഉണ്ടാകാതിരിക്കില്ല .അത്തരത്തിലുള്ള ഒരാളെയെങ്കിലും കിട്ടിയാൽ ഗുരുനാഥന്റെ ജന്മം സഫലമായി .

(അവലംബം : തീക്കടൽ മിഷമോൾ (H.S.A)

കടഞ്ഞ് തിരുമധുരം – സി .രാധാകൃഷ്ണൻ

# اسرتي

بيتي جميل اهلي كثير          بيتي مضيئ بالخيرات

انا وامي وابي وجدي          اخي واختي في بيتي

نشرب مع احبابي          نسمع ليلا قصة

نحب اهلي نحب بيتي

نعيش فيها مع المودة

نحب ماما بابا كثيرا

**FIDHA FATHIMA P**

## ഗണിത പഴഞ്ചൊല്ലുകൾ

1. 5-ൽ അറിഞ്ഞില്ലെങ്കിൽ അമ്പതിലറിയും
2. ഒരു മാരന് ഒമ്പത് കോവിലിൽ കൊട്ടണം
3. ഒരു വെടിക്ക് രണ്ട് പക്ഷി
4. സമ്പത്ത് കാലത്ത് തൈ പത്തുവച്ചാൽ

**ആ പത്തു കാലത്ത് കാ പത്തു തിന്നാം**

**ജീനറ്റ് മെർലിൻ**

## ഇരുളിനെ കീറിമുറിച്ച വെള്ളിനക്ഷത്രം

ഇന്നലെ ദുബായിയിൽ നിന്ന് വന്നതേ ഉള്ളു....ഭയങ്കര തലവേദന ഒന്നു കിടക്കാമെന്ന് കരുതി കിടന്നതാണ്.കോരി ചൊരിയുന്ന മഴ ഉണ്ടായതി-നാൽ ഞാൻ അസ്സലായി ഉറങ്ങി.ഉണർന്നപ്പോൾ സമയം 11:30.കണ്ണൊ-ക്കെ വലിച്ച തുറന്ന് പതുക്കെ ഞാൻ ഹാളിലേക്ക് ചെന്നപ്പോൾ അവി-ടെയെങ്ങും അമ്മയെ കാണാൻ ഇല്ല.തിരക്കി ചെന്നപ്പോൾ അടുക്കളയുടെ പുറകുവശത്ത് മുറ്റമടിക്കുന്ന ശബ്ദം കേട്ടു ഈ ഉച്ച സമയത്ത് ആരാണ് മുറ്റ മടിക്കുന്നത് എന്ന് പിറുപിറുത്തു കൊണ്ട് അങ്ങോട്ട് ചെന്നപ്പോൾ അമ്മ അവിടെ നിൽക്കുന്നത് കണ്ടു.അടിച്ചുവാരുന്ന ശബ്ദം കേൾക്കുകയും ചെയ്യു-ന്നു പുറകുവശത്ത് കുറച്ച് ഉള്ളിലോട്ട് മുഴുവൻ വാഴ കൃഷിയാണ്.അച്ഛൻ സൂക്ഷിച്ച വച്ച സ്ഥലമാണ് അത് അതുകൊണ്ട് ഇപ്പോൾ നാടൻ പഴം കഴിക്കാൻ പറ്റുന്നുണ്ട് "ആരാ അമ്മേ അത്...." അതോ അത് അവിടെ താമസിക്കുന്ന നാണിയമ്മയാണ് "അമ്മ ഇതു പറയുമ്പോൾ വാഴയിൽ നിന്നും ദേഹത്ത് പറ്റിയ വെള്ളതുള്ളികൾ തുടച്ചു കൊണ്ട് ഒരു 70 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു അമ്മൂമ്മ വാഴകൾക്കിടയിൽ നിന്നും ഇറങ്ങി വന്നു. ഒരു ബ്ലൗസും മുശിന്ന ഒരു മുണ്ടുമായിരുന്നു വേഷം.തലമുഴുവൻ നര-ച്ചിട്ടുണ്ട്,ചുക്കി ചുളിഞ്ഞ തൊലി,പ്രായം കൂടുതൽ കൊണ്ട് നടക്കാൻ അ-ൽപ്പം പ്രയാസമാണ്.ആ അമ്മൂമ്മ ഒരു പ്രയാസ്സത്തോടെ എന്റെ മുഖത്ത് നോക്കി പുഞ്ചിരിച്ചു.ഞാൻ തിരിച്ചും.ഞാൻ ഇടക്കൊക്കെ ഇവിടെ വരാരു-ണ്ട് അപ്പോഴെന്നും മോള് ഇവിടെ ഇല്ലായിരുന്നു തനിച്ചാണോ വന്നത് അല്ല ഞാനും മോനുമാണ് വന്നത് പോവാറായോ ഇല്ല ഒരു മാസം കൂടികാണും അമ്മ അടുക്കളയിലേക്ക് കയറി.പുറകെ ഞാനും.അമ്മ അവരെ കൊണ്ട് എന്തിനാ ജോലി ചെയ്യിപ്പിക്കുന്നെ.....പാവം  ഞാൻ പറഞ്ഞിട്ട് കേൾക്കട്ടെ ... രാവിലെ വന്നതാ എന്തെങ്കിലും സഹായിക്ക-ണം എന്ന് പറഞ്ഞിട്ട് ഞാൻ 100 രൂപ കൊടുത്തു അപ്പോൾ വെറുതെ വേണ്ടെന്ന് പറഞ്ഞു പോയതാണ് .അതു കേട്ടുകൊണ്ട് അവർ പറഞ്ഞു ഞാൻ എന്റെ ഇഷ്ടപ്രകാരം പോയതാണ് മോളെ അമ്മയെ വഴക്ക് പറയ-ണ്ട അതിൽ എനിക്ക് സന്തോശമേ ഉള്ളൂ.  ഞാൻ ഹാളിൽ ചെന്നപ്പോൾ മുൻ വശത്തെ ഡോറിൽ ചാരിനിന്നു കൊണ്ട് ഒരു കുട്ടി അകത്തേക്ക് നോക്കിനിൽക്കുന്നു.ഞാൻ അവന്റെ അടുത്തേക്ക് ഓടി അവൻ ഓാടി അമ്മൂമ്മയുടെ അടുത്ത് പോയിനിന്നു ഇതാരാ അത് അവരുടെ ചെറുമക-നാണ് ഞാൻ അങ്ങോട്ട് ചെന്ന് അവനെ വിളിച്ചു എന്നെ കണ്ടപ്പോൾ ആദ്യമൊന്നും അവൻ വന്നില്ല പിന്നെ പിന്നെ എന്റെ അടുത്ത് കൂട്ടായി എല്ലാം തോലുമായ ഒരു കുട്ടിയാണ് അവൻ അവന്റെ പേര് വിഷ്ണു

വിഷ്ണു ഒന്നും കഴിച്ചില്ലെ ഇല്ല അവൻ താഴ്ന്ന സ്വരത്തിൽ പറഞ്ഞു അപ്പോൾ ഞാൻ അവന്റെ കയ്യും പിടിച്ച് അടുക്കളയിലേക്ക് നടന്നു അപ്പവും മുട്ടക്കറിയും കൊടുത്തു അവൻ കഴിക്കുന്നത് കണ്ട് അമ്മൂമ്മ കൺ കുളിർക്കെ കണ്ടു നിന്നു ഇടക്ക് ഒരു തുള്ളി വീഴുന്നതും ഞാൻ കണ്ടു അവ-ന്റെ വേഷവും അത്രനല്ലതായിരുന്നില്ല.ഞാൻ അവന് എന്റെ മോന്റെ പു-തിയ ഒരു ഷർട്ടും പാന്റും ചെരുപ്പും കൊടുത്തു. ഇത് അവന് ഒരു ഡ്രസ്സും ഒരു ചെരുപ്പുമാണ് വാങ്ങിച്ചുള്ളേ വേണ്ട മോളെ അമ്മൂമ്മ കരയാൻ തുടങ്ങി  കരയണ്ട ഇത് നിങ്ങളുടെ മോൾ തരുന്നതാണെന്ന് കരുതിയാൽ മതി ഇത് കുറച്ച് പൈസയാണ് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഇതിൽ നിന്ന് എടുത്തോളോ വേടിക്കണോ വേടിക്കെണ്ടെ എന്ന മനസ്സുമായി  അവർ അത് വാങ്ങിച്ചു.അവർക്ക് പോകാൻ സമയം ആയി അവർ ഇറങ്ങി  ഗേറ്റിനടുത്ത് എത്തിയപ്പോൾ അവൻ തിരിച്ച് ഓടി വന്ന് എന്റെ കൈകളിൽ ഉമ്മ വച്ചു,ഞാൻ അറിയാതെ എന്റെ കണ്ണുകൾ എന്തിനോ നിറഞ്ഞു തുളുമ്പി

ജൗഹറ ജാസ്മിൻ k.j
9c

# പ്രണയത്തിന്റെ പ്രവാചകൻ




കഴിഞ്ഞ നൂറ്റാണ്ടിനെ ധന്യമാക്കിയ ,പൗരസ്ത്യ ദേശത്തു നിന്നും വിശ്വസാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടിയ അപൂർവ്വം എഴുത്തുകാരിലൊരാളാണ് കവിയും ചിത്രകാരനും ദാർശനികനുമായ ഖലീൽ ജിബ്രാൻ

അദ്ദേഹത്തിന്റെ " ദി പ്രൊഫറ്റ് "
എക്കാലത്തെയും മികച്ച സാഹിത്യ സൃഷ്ടികളിലൊന്നായി കണക്കാക്കപ്പെടുന്നു. ഗദ്യ പദ്യ സമന്വയ ഭാഷയിലാണ് ഇത് രചിക്കപ്പെട്ടിരിക്കുന്നത്.നാല്പതിലധികം ഭാഷകളിലേക്ക് ഈ ഗ്രന്ഥം വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് ഒരു മനുഷ്യൻ വിവിധ വിഷയങ്ങളിൽ തന്നോട് തന്നെ ചോദിക്കുന്ന ചോദ്യങ്ങളുടെ തത്വചിന്താപരമായ ഉത്തരങ്ങളാണിതിൽ പ്രതിപാദിച്ചിരിക്കുന്നത് .

പ്രണയത്തിന്റെ പ്രവാചകൻ എന്നാണ് ജിബ്രാൻ വിശേഷിപ്പിക്കപ്പെടുന്നത് .പ്രണയവും വിരഹവും വേദനയും കൊണ്ട് വാചാലമായ വരികളെഴുതിയ അദ്ദേഹം മിസ്റ്റിക്ക് പ്രണയത്തിന്റെ തടവുകാരനെ ന്ന് സ്വയം വിശേഷിപ്പിച്ചു .1931 ൽ നാല്പത്തിയെട്ടാം വയസ്സിലായിരുന്നു അദ്ദേഹത്തിന്റെ വേർപാട്

## പ്രണയവും വിരഹവും ദാർശനികതയും നിഴലിക്കുന്ന അദ്ദേഹത്തിന്റെ ചില വരികൾ :

- **"ഒരിക്കൽ നീ എന്നോട് ചോദിക്കും എന്റെ ജീവിതമോ നിന്റെ ജീവിതമോ** പ്രധാനമെന്ന് .ഞാൻ പറയും എന്റേതെന്ന് .അപ്പോൾ എന്റെ ജീവിതം നീ തന്നെയായിരുന്നു എന്നറിയാതെ നീ നടന്നകലും "
- **" നിങ്ങളരെയെങ്കിലും സ്നേഹിക്കുന്നുണ്ടെങ്കിൽ അവരെ പോകാൻ അനുവദിക്കുക** .അവർ തിരികെവന്നാൽ എന്നെന്നേക്കുമായി നിങ്ങളുടേതായിരിക്കും .ഇല്ലെങ്കിൽ അവരൊരിക്കലും നിങ്ങളുടേതായിരുന്നില്ല "
- **"മനുഷ്യർ തമ്മിലുള്ള ഒരു ബന്ധത്തിലും ഒരാൾ മറ്റൊരാളെ കൈവശപ്പെടുത്തരുത് .രണ്ട്** മനസുകൾ എപ്പോഴും വ്യത്യസ്തം ആയിരിക്കും .സൗഹൃദത്തിലായാലും പ്രണയത്തിലായാലും ഒറ്റയ്ക്ക് നേടാൻ കഴിയാത്തത് സ്വന്തമാക്കാൻ ഒരുമിച്ച് നീങ്ങുന്ന രണ്ട് കൈകൾ പോലെയാണ് മനുഷ്യർ "
- **"ആരോടും പറയാതെ യാത്രചെയ്യുക** ,ആരോടും പറയാതെ നല്ലൊരു പ്രണയകാലം ആസ്വദിക്കുക.സന്തോഷത്തോടെ ജീവിക്കുക .ആരോടും പറയേണ്ടതില്ല ;കാരണം ഭംഗിയുള്ളതിനെയെല്ലാം മനുഷ്യൻ നശിപ്പിച്ചുകളയും "
- **"ഒരാളോട് താല്പര്യം തോന്നാൻ ഒരുമിനിറ്റുമതി .ഇഷ്ടപ്പെടാൻ ഒരുമണിക്കൂർ** പ്രണയിക്കാൻ ഒരുദിവസം ..പക്ഷെ ഒരാളെ മറക്കാൻ ഒരു ജീവിതകാലം തന്നെ വേണ്ടി വന്നേക്കാം"
- "**നിന്റെ മക്കൾ നിന്റെ മക്കളല്ല** .ജീവിതത്തിന്റെ ,സ്വന്തം അഭിലാഷത്തിന്റെ പുത്രന്മാരും പുത്രികളുമാണവർ .അവർ നിന്നിലൂടെ വളരുന്നു ,എന്നാൽ നിന്നിൽ നിന്നല്ല .നിനക്ക് നിന്റെ സ്നേഹം അവർക്കായി നൽകാം ;പക്ഷെ നിന്റെ ചിന്തകൾ നൽകരുത് -എന്തെന്നാൽ അവർക്ക് അവരുടേതായ
- ചിന്തകൾ കാണും ".




**★★★------മിഷമോൾ H .S .A -സോഷ്യൽ സയൻസ്**















# പൊസ്സുമസിൻ സാരഥികൾ






POSSUMUS
We Can ......


THANKS